"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ്- എക്സൈസ്- കേരള സംസ്ഥാന ബിവറേജസ് കോർപറേഷൻ- കൊല്ലം ജില്ലയിൽ ചാത്തന്നൂർ ആസ്ഥാനമായി പുതിയ എഫ്.എൽ-09 വെയർഹൗസ് ആരംഭിക്കുന്നത്- അനുമതി നല്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എ) വകുപ്പ്**

സ.ഉ.(കൈ) നം.5/2025/TAXES തീയതി,തിരുവനന്തപുരം, 18-01-2025

---

പരാമർശം:-
1. 03.02.2022-ലെ ജി.ഒ (എം.എസ്) നം.11/2022/നികുതി നമ്പർ ഉത്തരവ്.
2. 25.07.2022-ലെ ജി.ഒ (എം.എസ്) നം.52/2022/നികുതി നമ്പർ ഉത്തരവ്.
3. കേരള സ്റ്റേറ്റ് ബിവറജസ് കോർപ്പറേഷന്റെ ചെയർപേഴ്സൺ & മാനേജിംഗ് ഡയറക്ടറുടെ 26.10.2024, 18.11.2024, 09.12.2024 എന്നീ തീയതികളിലെ കെ.എസ്.ബി.സി/സെക്-4/2024-25 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ബിവറേജസ് കോർപറേഷന് കീഴിൽ നിലവിലുണ്ടായിരുന്ന 23 എഫ്.എൽ-9 വെയർഹൗസുകൾക്ക് പുറമെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ 2 വീതവും, മറ്റ് ജില്ലകളിൽ 1 വീതവും ഉൾപ്പടെ പുതുതായി 17 എഫ്.എൽ-9 വെയർഹൗസുകൾ ആരംഭിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു.

2) കൊല്ലം ജില്ലയിൽ നിലവിൽ കരിക്കോട്, കൊട്ടാരക്കര എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന എഫ്.എൽ-9 വെയർഹൗസുകൾക്ക് പുറമെ കൊല്ലം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിന്റെ ഗോഡൗണും കെട്ടിടവും പാട്ടത്തിനെടുത്ത് ചാത്തന്നൂർ ആസ്ഥാനമായി പുതുതായി ഒരു എഫ്.എൽ-9 വെയർഹൗസ് കൂടി ആരംഭിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് ബിവറേജസ് കോർപറേഷൻ ചെയർപേഴ്സൺ & മാനേജിങ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കൊല്ലം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിന്റെ ഗോഡൗണും കെട്ടിടവും പാട്ടത്തിനെടുത്ത് ചാത്തന്നൂർ ആസ്ഥാനമായി ഒരു എഫ്.എൽ-9 വെയർഹൗസ് കൂടി ആരംഭിക്കുന്നതിന് അനുമതി നൽകി

ഇതിനാൽ ഉത്തരവാകുന്നു. പ്രസ്തുത വെയർഹൗസിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് വീഡിയോ നിരീക്ഷണം, ഇ-ഗവേണൻസ്, ഡിജിറ്റൽ എൻഫോഴ്സ്മെൻ്റ്, ക്യൂആർ കോഡ് അടിസ്ഥാനമാക്കിയുള്ള ട്രാക്കിംഗ് സിസ്റ്റം എന്നിവ നടപ്പിലാക്കേണ്ടതാണെന്നും, അധിക തസ്തികകൾ സൃഷ്ടിക്കാതെ നിലവിലുള്ള തൊഴിലാളികളെ പുനർവിന്യസിക്കേണ്ടതാണെന്നും ഇതിനാൽ നിഷ്കർഷിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്:-

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
2. ചെയർപേഴ്സൺ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ, (എ&ഇ, ഓഡിറ്റ്), തിരുവനന്തപുരം.
4. നികുതി (ജി/എഫ്) വകുപ്പ്.
5. സ്റ്റോക്ക്ഫയൽ/ഓഫീസ് കോപ്പി (എ1/270/2024/നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Jagadish Babu M
സെക്ഷൻ ഓഫീസർ
Date: 20-01-2025 13:38:45